കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- വികേന്ദ്രീകൃതാസൂത്രണം- ഗുണഭോക്തൃസമിതി കൺവീനർമാരെ പാൻകാർഡ്വ്യവസ്ഥയിൽനിന്നുംഒഴിവാക്കിക്കൊണ്ട് ഉത്തരവ്പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്

സ.ഉ. (സാധാ) നം:3784/10/തസ്വഭവ തിരുവനന്തപുരം, തീയതി: 02-12-10

---

പരാമർശം: (1) കൊല്ലം ജില്ലാ പ്ളാനിംഗ് ഓഫീസറുടെ 11.02.10-ലെ പ്ളാനിംഗ് 187/2010/ഡി പി ഒ നം: കത്ത്.

(2) ധനകാര്യവകുപ്പിന്റെ 2008 നവംബർ 1-ാം തീയതിയിലെ 67/എൻസി3/08/ഫിൻ നം: സർക്കുലർ.

(3) 23.02.04-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ഡെപ്യൂട്ടി സെക്രട്ടറി (ബഡ്ജറ്റ്) യുടെ കത്ത് നം: 275/98/03-ഐ റ്റി ബി.

## ഉത്തരവ്

പരാമർശം(1) പ്രകാരം എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് (MLASDF) പ്രവൃത്തികൾ നടപ്പാക്കുന്ന ഗുണഭോക്തൃസമിതികളുടെ കൺവീനർമാരെ പാൻകാർഡ് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഇളവ് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലെ ഗുണഭോക്തൃസമിതികൾക്കും ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനങ്ങൾ കൊല്ലം ജില്ലാ പ്ളാനിംഗ് ഓഫീസർ ഉൾപ്പെടെ വിവിധ തലങ്ങളിൽനിന്നും സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്.

(2). വികേന്ദ്രീകൃതാസൂത്രണ പദ്ധതിപ്രകാരം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളെ ആദായനികുതി ഒടുക്കുന്നതിൽ നിന്നും പരാമർശം (3) പ്രകാരം കേന്ദ്രഗവൺമെന്റ് ഒഴിവാക്കിയിട്ടുണ്ട്.

(3). വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഗുണഭോക്തൃസമിതി കൺവീനർമാർ ആദായനികുതി നിയമത്തിന്റെ പരിധിയിൽ വരാത്തവരാണ് എന്നതിന് പുറമേ ലാഭേച്ഛകൂടാതെ ഗുണഭോക്താക്കളുടെ പ്രതിനിധി എന്ന നിലക്ക് സമൂഹത്തിനുവേണ്ടി പ്രവൃത്തി നടപ്പാക്കുന്നവർ കൂടിയാണ്.

(4) ഒരേ രീതിയിൽ നിർവ്വഹണം നടത്തുന്ന എം.എൽ.എ.ഫണ്ട്, വികേന്ദ്രീകൃതാസൂത്രണ പദ്ധതി എന്നീ പ്രവൃത്തികൾ രണ്ടുപദ്ധതി പ്രകാരമുള്ളതാണ് എന്നതുകൊണ്ട് വ്യത്യസ്ത മാനദണ്ഡങ്ങൾ അവലംബിക്കുന്നത് ന്യായമല്ല എന്ന് ബോദ്ധ്യപ്പെട്ട

സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

(5). ആയതിൻെറ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലെ ഗുണഭോക്തൃസമിതി കൺവീനർമാരേയും പാൻകാർഡ് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ബി.സരസ്വതിഅമ്മ,
അഡീഷണൽ സെക്രട്ടറി

എല്ലാ ഗ്രാമ/ ബ്ളോക്ക് പഞ്ചാ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണസമിതി സെക്രട്ടറിമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ്
ഡയറക്ടർ, കില, തൃശ്ശൂർ
സ്റ്റേറ്റ് ലവൽ റിസോഴ്സ്ഗ്രൂപ്പ്. (ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്)
പകർപ്പ്:- തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എ- ക്ക്
സെക്രട്ടറി ധനകാര്യവകുപ്പ്
സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
തദ്ദേശസ്വയംഭരണ (ഡിസി) (ഡിബി) (ഡിഡി) (എഫ്.എം) വകുപ്പുകൾക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ